# കാറ്റക്കെറ്റിക്കൽ അപ്പൊസ്തൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2025

| | |
|---|---|
| ക്ലാസ്സ് : IV | സമയം : 2 മണിക്കൂർ |
| തീയതി : 07-12-2025 | മാർക്ക് : 70 |

**I. പദപ്പെട്ടിയിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക** 10

വി. കുർബാന, പെസഹാതിരുന്നാൾ, മോറിയാമല, സക്കേവൂസ്, ധൂർത്തപുത്രൻ

1. ഈശോ വി. കുർബാന സ്ഥാപിച്ചതെന്ന്?
2. അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കുവാൻ കൊണ്ടുപോയ മല ഏത്?
3. പരസ്പര സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും വിരുന്ന് ഏത്?
4. തന്റെ തെറ്റുകളെ ഓർത്ത് അനുതപിച്ച് തന്റെ പിതാവിനോട് രമ്യപ്പെട്ടതാര്?
5. ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു എന്ന് ഈശോ പറഞ്ഞത് ആരോടാണ്?

**II. എ-ബി യോട് ചേർക്കുക** 10

| | | |
|---|---|---|
| 6. അനുരഞ്ജന കൂദാശ | - | വിരുന്ന് |
| 7. ഏകജാതൻ | - | കടന്നുപോകൽ |
| 8. വി. കുർബാന | - | ദൈവത്തിന്റെ ഇഷ്ടം |
| 9. പെസഹാ | - | പാപമോചനം |
| 10. ബലിജീവിതത്തിന്റെ കാതൽ | - | ഈശോ |

**III. പൂരിപ്പിക്കുക** 10

11. ദൈവപിതാവിന് നമ്മോടുള്ള സ്നേഹത്തിന്റെ ഏറ്റവും വലിയ പ്രകാശനമാണ് ...................
12. ................... ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനമായിരുന്നു.

13. ഈശോയുടെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നതിന് ................. ആവശ്യമാണ്.

14. പാപം മോചിക്കുന്നതിനുള്ള അധികാരം ഈശോ ................... നൽകി.

15. അനുരഞ്ജന കൂദാശയിൽ ................ ആണ് ഏറ്റവും പ്രധാനം.

## IV. ശരിയോ തെറ്റോ എന്ന് എഴുതുക 5

16. മാമ്മോദീസ വഴി സഭ ഇന്ന് നമ്മുടെ പാപങ്ങൾ മോചിക്കുന്നു.

17. അപ്പസ്തോലൻമാരുടെ പിൻഗാമികളാണ് വൈദികർ.

18. വി. കുർബാനയിൽ കുർബാന സ്വീകരണത്തിന് മുമ്പുള്ള അനുരഞ്ജന ശുശ്രൂഷ ആത്മശോധന ചെയ്യുവാൻ സഹായിക്കുന്നു.

19. വി. കുർബാന രക്ഷ പ്രദാനം ചെയ്യുന്ന ഈശോയുടെ സ്നേഹ വരുന്നാണ്.

20. ദൈവത്തിന്റെ ഇഷ്ടത്തിന് സ്വയം സമർപ്പിക്കുന്നതാണ് പ്രാർത്ഥന.

## V. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

21. 'കൊന്ത' എന്ന പോർട്ടുഗീസ് പദത്തിന് അർത്ഥം എന്ത്?

22. ആരാണ് കാർലോ അക്യുറ്റിസിനെ വിശുദ്ധനായി പ്രഖ്യാപിച്ചത്?

23. തലശ്ശേരി രൂപതയുടെ പ്രഥമ ഇടയൻ?

24. ബൈബിളിലെ ആദ്യ ഗ്രന്ഥം?

25. ഭാരതത്തിന്റെ പ്രഥമ അപ്പസ്തോലൻ?

## VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക 5

26. "എന്റെ .................. യഥാർത്ഥ ഭക്ഷണമാണ്. എന്റെ ............. യഥാർത്ഥ പാനീയവുമാണ്" (യോഹ 6:55).

27. "അതിനാൽ ഓരോരുത്തരും ................ ചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്ന് ............... ചെയ്യട്ടെ" (1 കോറി 11:28).

## VII. ഉത്തരമെഴുതുക

28. പൂർണ്ണമനഃസ്താപം എന്നാലെന്ത്? **3**

29. അനുരഞ്ജനകൂദാശയുടെ ഫലങ്ങളേവ? **3**

30. വി. ചാവറയച്ചൻ വിദ്യാഭ്യാസ വികസനത്തിനുവേണ്ടി ചെയ്ത കാര്യങ്ങൾ എന്തെല്ലാം? **4**

31. വി. അൽഫോൻസാമ്മയുടെ ജന്മദിനമെന്നാണ്? അൽഫോൻസാമ്മയുടെ സന്ദേശമെന്ത്? **4**

32. അനുരഞ്ജനകൂദാശയ്ക്ക് വേണ്ട കാര്യങ്ങൾ എത്ര? ഏവ? **5**

33. ബലിയർപ്പണത്തിന്റെ ഫലങ്ങൾ ഏതെല്ലാം? ഈ ഫലങ്ങൾ എനിക്ക് ലഭിക്കുവാൻ ഞാൻ എപ്രകാരമാണ് വി. കുർബാനയിൽ പങ്കെടുക്കേണ്ടത്? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2025

**ക്ലാസ്സ് : V** | **സമയം : 2 മണിക്കൂർ**
**തീയതി : 07-12-2025** | **മാർക്ക് : 70**

---

## I. പദപ്പെട്ടിയിൽനിന്നും ഉത്തരം തെരഞ്ഞെടുത്തെഴുതുക 5

വിഗ്രഹാരാധന, പ്രമാണങ്ങൾ, കടന്നുപോകൽ,
വി. ഡോൺബോസ്കോ, വി. ജോൺ ബർക്കുമെൻസ്

1. "പെസഹാ" എന്ന വാക്കിന്റെ അർത്ഥമെന്ത്?
2. "കത്തോലിക്കാ പാരായണം" എന്ന പേരിൽ ഒരു മാസിക ആരംഭിച്ചത് ആര്?
3. സ്നേഹമുള്ള ദൈവപിതാവ് തന്റെ മക്കൾക്ക് ശ്രദ്ധാപൂർവം നൽകിയ സമ്മാനം എന്ത്?
4. അൾത്താരയുടെ അരികിൽ ജീവിതകാലം മുഴുവൻ ആഹ്ലാദത്തോടെ ചിലവഴിച്ച വിശുദ്ധൻ ആര്?
5. ഇസ്രായേൽക്കാർ ദൈവത്തോട് ചെയ്ത ഏറ്റവും വലിയ തെറ്റ് എന്ത്?

## II. എ - ബി യോട് ചേർക്കുക 5

6. പത്താമത്തെ ശിക്ഷ - ജോഷ്വ
7. മന്നാ - സീനായ്മല
8. പത്ത് കൽപന - മോശ
9. ജനത്തിന്റെ നേതാവ് - ഇതെന്ത്
10. മോശയുടെ പിൻഗാമി - ആദ്യജാതരുടെ മരണം

## III. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

11. എല്ലാ ദാനങ്ങളുടെയും വരങ്ങളുടെയും ഖജനാവ് എന്താണ്?
12. വി. കാർലോ അക്യൂറ്റിസിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ച മാർപാപ്പ ആര്? എന്ന്?
13. സീറോമലബാർ സഭയുടെ ഇപ്പോഴത്തെ മേജർ ആർച്ച്ബിഷപ്പ്?

14. കുട്ടികളുടെ മദ്ധ്യസ്ഥൻ?

15. കേരള ചെറുപുഷ്പം എന്നറിയപ്പെടുന്നതാര്?

## IV. പൂരിപ്പിക്കുക 5

16. .................. പ്രസിദ്ധീകരണക്കാരുടെ മധ്യസ്ഥനായി സഭ ഡോൺ ബോസ്കോയെ പ്രഖ്യാപിച്ചു.

17. അൾത്താര ബാലന്മാരുടെ മധ്യസ്ഥനാണ് ................

18. നിങ്ങൾ ആ വീട്ടിൽ താമസിക്കുന്നുവെന്നതിന്റെ അടയാളമായിരിക്കും ...............

19. കാനാൻ ദേശത്തിന്റെ അതിർത്തിയിൽ എത്തുന്നതുവരെ ............. വർഷത്തേക്ക് മന്നാ ആയിരുന്നു അവരുടെ ഭക്ഷണം.

20. തേനും പാലും ഒഴുകുന്ന ദേശം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് .................. നിറഞ്ഞ നാട് എന്നാണ്.

## V. ശരിയോ തെറ്റോ എന്ന് എഴുതുക 5

21. ഓരോ കുട്ടിയും ഒരേ സമയം രാഷ്ട്രത്തിന്റെയും സ്വർഗ്ഗത്തിന്റെയും സമ്പത്താകണമെന്ന് ആഗ്രഹിച്ചു പ്രവർത്തിച്ച വിശുദ്ധനാണ് ഡോൺബോസ്കോ.

22. മോശയുടെ പിൻഗാമിയായി ഇസ്രായേലിനെ നയിക്കാൻ ദൈവം അഹറോനെ നിയോഗിച്ചു.

23. ദൈവം തന്റെ വിരൽകൊണ്ട് എഴുതിയ കല്പലകകളാണ് മോശയ്ക്ക് നൽകിയത്.

24. സ്നേഹിതനോടെന്നപോലെ കർത്താവ് ജോഷ്വായോട് മുഖാഭിമുഖം സംസാരിച്ചു.

25. പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മനുഷ്യവർഗം മോചിതമായതിന്റെ ഓർമ്മയാണ് പുതിയ പെസഹായിൽ കൊണ്ടാടുന്നത്.

## VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക 4

26. "ഞങ്ങളുടെ കുറ്റങ്ങളും ............................. ക്ഷമിക്കുകയും ഞങ്ങളെ അങ്ങയുടെ .............................. സ്വീകരിക്കുകയും ചെയ്യണമേ" (പുറപ്പാട് 34:9).

27. "......................... എന്റെ ശക്തിയും സംരക്ഷകനുമാകുന്നു. അവിടുന്ന് എനിക്ക് ................... ഭവിച്ചിരിക്കുന്നു" (പുറപ്പാട് 15:2).

## VII. ഉത്തരമെഴുതുക

28. ഫറവോയുടെ മുൻപിൽ ദൈവം അഹറോൻ വഴി പ്രവർത്തിച്ച അടയാളമെന്ത്? **2**

29. എന്തിന്റെ ഓർമ്മയ്ക്കായിട്ടാണ് ജോഷ്വാ ഗിൽഗാലിൽ സ്മാരകം നിർമ്മിച്ചത്? **2**

30. ദൈവം ഈജിപ്തിനുമേൽ പത്ത് ബാധകൾ അയയ്ക്കാൻ കാരണമെന്ത്? **3**

31. വി. ജോൺ ബർക്കുമൻസിന്റെ ജീവിതസന്ദേശം എഴുതുക? **3**

32. ദൈവം നൽകിയ കൽപലകകൾ മോശ തകർത്തതെന്തുകൊണ്ട്? **3**

33. ഉടമ്പടിയുടെ ജനത്തിന്റെ പ്രത്യേകതകൾ ഏവ? **4**

34. ഇസ്രായേൽക്കാരുടെ മരുഭൂമിയാത്ര നമുക്ക് നൽകുന്ന പാഠമെന്ത്? **4**

35. വി. ഡോൺബോസ്കോയുടെ തിരുനാൾ ദിനം എന്ന്? കുട്ടികളുടെ സ്നേഹിതനായ വി. ഡോൺബോസ്കോയെ നിങ്ങൾ എപ്രകാരം അനുകരിക്കും? **5**

36. ഓരോ മനുഷ്യന്റെയും അന്തിമമായ ലക്ഷ്യം എന്ത്? ഈ ലക്ഷ്യത്തിൽ എത്തിച്ചേരാൻ നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ചെയ്യും? **5**

37. പരിശുദ്ധാരൂപിയുടെ ദാനങ്ങൾ എത്ര? ഏതെല്ലാം? **5**

38. ഈശോ നമുക്ക് നൽകിയ പുതിയ കല്പന എന്ത്? ലോകത്തിന് ലഭിച്ചിട്ടുള്ളതിൽവച്ച് ഏറ്റവും മനോഹരമായ കല്പനയാണ് ഈശോ നൽകിയത്. നിങ്ങളുടെ ജീവിതത്തിൽ ഈ കല്പന എങ്ങനെ പ്രാവർത്തികമാക്കും? വ്യക്തമാക്കുക. **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2025

| | |
|---|---|
| ക്ലാസ്സ് : VI | സമയം : 2 മണിക്കൂർ |
| തീയതി : 07-12-2025 | മാർക്ക് : 70 |

**I. പദപ്പെട്ടിയിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക 5**

ഈശോ, കേസറിയാ ഫിലിപ്പി, മേലിൽ പാപം ചെയ്യരുത്, മാർത്തോമ്മാ ഞായർ, പത്രോസ്

1. ഈശോ തന്റെ പീഡാനുഭവ പ്രവചനം നടത്തിയ സ്ഥലം?
2. ശത്രുസ്നേഹത്തിന്റെ മഹത്തായ മാതൃക?
3. ഈശോയുടെ പീഡാനുഭവ പ്രവചനങ്ങൾ കേട്ടപ്പോൾ ഈശോയെ മാറ്റിനിർത്തി തടസ്സം പറഞ്ഞതാര്?
4. ഉത്ഥിതനായ ഈശോ തോമ്മാശ്ലീഹയ്ക്ക് പ്രത്യക്ഷനായതിനെ അനുസ്മരിപ്പിക്കുന്ന ദിനം?
5. പാപികളെ തേടിയെത്തുകയും പാപമോചനം നല്കി അനുഗ്രഹിക്കുകയും ചെയ്യുന്ന ഈശോ ആവശ്യപ്പെടുന്നത്?

**II. എ - ബിയോട് ചേർക്കുക 5**

6. പിച്ചള സർപ്പം - വി. ഇഗ്നേഷ്യസ്
7. കിറേനേക്കാരൻ - മോശ
8. റബ്ബോനി - ശിമയോൻ
9. മതപഠനത്തിന്റെ പാപ്പ - ഗുരു
10. ജൂലൈ 31 - വി. പത്താം പിയൂസ്

**III. പൂരിപ്പിക്കുക 5**

11. അനുതപിക്കുന്ന പാപികളോട് ദൈവം .............. കാണിക്കുന്നു.
12. പ്രവാചകൻമാർ വിവരിക്കുന്ന സഹനദാസന്റെ രൂപം .............ൽ കാണുന്നു.

13. ഈശോയുടെ മരണം നമുക്ക് രക്ഷയും .............. ഉം നേടിതന്നു.

14. ഈശോ .................. പഠിപ്പിക്കുക മാത്രമല്ല, മാതൃക കാണിച്ച് തരികയും ചെയ്തു.

15. ശൂന്യമായ കല്ലറ ഈശോയുടെ .................. ന് തെളിവാണ്.

**IV. സംഭവങ്ങൾ ക്രമത്തിൽ എഴുതുക** **5**

**(വാക്യത്തെ കുറിക്കുന്ന നമ്പർ ക്രമത്തിൽ എഴുതിയാൽ മതി)**

16. (എ) തന്റെ പിതാവിന്റെ ഭവനം കച്ചവടസ്ഥലമാക്കിയതിന്റെ വേദനയോടെ അവിടുന്ന് കയറുകൊണ്ട് ചമ്മട്ടി ഉണ്ടാക്കി എല്ലാവരെയും പുറത്താക്കി.

(ബി) ഈശോ ഒരിക്കൽ ജറുസലേം ദൈവാലയത്തിൽ പ്രവേശിച്ചു. അവിടെ നാണയമാറ്റക്കാരെയും പ്രാവ്, ആട്, കാള മുതലായവ വില്ക്കുന്നവരെയും കണ്ട് അവിടുന്ന് രോഷാകുലനായി.

(സി) യഹൂദർ അവനോട് ചോദിച്ചു. ഇത് ചെയ്യാൻ നിനക്ക് അധികാരം ഉണ്ടെന്നതിന് എന്തടയാളമാണ് നീ ഞങ്ങളെ കാണിക്കുക.

(ഡി) തന്റെ ശരീരമാകുന്ന ആലയത്തെ പറ്റിയാണ് ഈശോ ഇതു പറഞ്ഞത്.

(ഇ) നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക. മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും.

**V. ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

17. "വിശ്വാസപ്രമാണങ്ങൾ അറിയുകയും അതിനുവേണ്ടി ജീവൻ കൊടുക്കുകയും ചെയ്യുന്നവനാണ് അല്മായൻ" എന്നുപറഞ്ഞതാര്?

18. വി. ക്ലെമന്റ് പത്രോസിന്റെ എത്രാമത്തെ പിൻഗാമിയാണ്?

19. വി. ഗ്രന്ഥത്തിലെ ആദ്യത്തെ 5 പുസ്തകങ്ങളെ ചേർത്ത് വിളിക്കുന്ന പേര്?

20. സഭയിലെ ആദ്യത്തെ രക്തസാക്ഷി?

21. തൊഴിലാളികളുടെ മദ്ധ്യസ്ഥൻ?

**VI. ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** **5**

22. മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ..................... സ്വർഗസ്ഥനായ നിങ്ങളുടെ ..................... നിങ്ങളോടും ക്ഷമിക്കും (മത്താ 6:14).

23. ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ ................ വ്യർത്ഥ മാണ്. നിങ്ങളുടെ ................. വ്യർത്ഥം (1 കോറി 15:14).

## VII. ഉത്തരമെഴുതുക

24. അനുതാപചിത്തനായിത്തീർന്ന ധൂർത്തപുത്രൻ തീരുമാനിച്ചത് എന്താണ്? **2**

25. തന്നെ ഒറ്റിക്കൊടുക്കാൻ വന്ന യൂദാസിനോട് ഈശോ എന്താണ് ചോദിച്ചത്? **2**

26. ഈശോയുടെ ഉത്ഥാനത്തിനു തെളിവായി നിലകൊള്ളുന്ന പ്രധാന തെളിവ് എന്താണ്? **2**

27. തെറ്റ് ചെയ്തവരോട് എത്രപ്രാവശ്യം ക്ഷമിക്കണം എന്ന പത്രോസിന്റെ ചോദ്യത്തിന് ഈശോ നൽകിയ മറുപടി എന്തായിരുന്നു? **3**

28. വി. ഇഗ്നേഷ്യസിന്റെ പുണ്യവചനവും സന്ദേശവും എഴുതുക? **3**

29. വി. കുർബാനയിൽ ഈശോയുടെ കാൽവരിയാത്രയെയും കുരിശുമരണത്തെയും അനുസ്മരിക്കുന്നത് എപ്പോൾ? **4**

30. പത്രോസിനോട് സാത്താനെ നീ എന്റെ മുൻപിൽ നിന്നുപോകൂ എന്ന് ഈശോ പറഞ്ഞത് എപ്പോൾ? **4**

31. പാപിനിയായ സ്ത്രീയുടെ നിരവധിയായ പാപങ്ങൾ ഈശോ ക്ഷമിച്ചത് എന്തുകൊണ്ട്? **4**

32. മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും എഴുതുക? **5**

33. വി. പത്താം പീയൂസിന്റെ സന്ദേശം എഴുതുക? വിശുദ്ധന്റെ ജീവിത മാതൃക അനുകരിച്ച് നിങ്ങൾക്ക് ഏതെല്ലാം വിധത്തിൽ ഈശോയ്ക്ക് സാക്ഷ്യം വഹിക്കാൻ സാധിക്കും? **5**

34. പാപങ്ങൾ മോചിക്കപ്പെട്ടവരോട് ഈശോ ആവശ്യപ്പെടുന്നത് എന്താണ്? നിങ്ങളുടെ സുഹൃത്ത് ഒരു തെറ്റിൽ അകപ്പെട്ടു എന്നറിഞ്ഞാൽ സുഹൃത്തിനെ വീണ്ടെടുക്കാൻ നിങ്ങൾ എന്തൊക്കെ ചെയ്യും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ക്രിസ്തുമസ് പരീക്ഷ - 2025

| | | | |
|---|---|---|---|
| **ക്ലാസ്സ്** | **: VII** | **സമയം** | **: 2 മണിക്കൂർ** |
| **തീയതി** | **: 07-12-2025** | **മാർക്ക്** | **: 70** |

**I. പദപ്പെട്ടിയിൽ നിന്ന് ഉത്തരം എടുത്തെഴുതുക** **5**

ക്രൈസ്തവൻ, മനുഷ്യൻ, ലൈംഗികവിശുദ്ധി, വിവാഹം, മോഷണം

1. ജീവന്റെ കാര്യസ്ഥൻ?
2. എല്ലാ വിശുദ്ധിയുടെയും മാതൃകയായ മിശിഹായെ ധരിച്ചിരിക്കുന്നത്?
3. സാമൂഹ്യതിന്മകളിൽ ഏറെ ഗൗരവമുള്ളത്?
4. ഏറെ ശ്രദ്ധയോടെ കാത്തുസൂക്ഷിക്കേണ്ട നിധി?
5. ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ ഫലദായകമായ അടയാളം?

**II. പൂരിപ്പിക്കുക** **5**

6. പരിസ്ഥിതി മലിനീകരണവും പ്രകൃതിയെ ചൂഷണം ചെയ്യലും ................ ന് എതിരായ തിന്മകളാണ്.
7. സ്നേഹത്തിന്റെ പൂർണ്ണതയ്ക്കും സന്താനങ്ങളെ ജനിപ്പിക്കുന്നതിനുമായി ................ അനുഗ്രഹം ദൈവം അവർക്കു നല്കി.
8. മനുഷ്യജീവിതത്തിന്റെ അടിസ്ഥാനം ...................... ആണ്.
9. മാതാവിൽ നിന്നും പിതാവിൽ നിന്നും മക്കൾക്കു ലഭിക്കേണ്ട സംരക്ഷണവും സ്നേഹവും .................. ലൂടെ നഷ്ടമാകുന്നു.
10. നമ്മുടെ നീതിബോധത്തിന്റെ അടിസ്ഥാനം സ്നേഹവും ................ ആണെന്ന് ഈശോ ആഗ്രഹിക്കുന്നു.

**III. ചേരുംപടി ചേർക്കുക** **5**

| | | |
|---|---|---|
| 11. വി. മരിയ ഗൊരേത്തി | - | കത്തോലിക്കാസഭ |
| 12. വി. അലോഷ്യസ് ഗോൺസാഗാ | - | നരകാഗ്നി |
| 13. വിഡ്ഢി എന്നു വിളിക്കുന്നവൻ | - | ജൂൺ 21 |
| 14. വിശുദ്ധരുടെ പൂന്തോട്ടം | - | വിവാഹം |
| 15. ഉടമ്പടിയുടെ കൂദാശ | - | പാപത്തേക്കാൾ മരണം |

## IV. ശരിയോ, തെറ്റോ എന്ന് എഴുതുക 5

16. സ്വന്തം ജീവനെ ബോധപൂർവ്വം നശിപ്പിക്കുന്നതാണ് ആത്മഹത്യ.
17. വിവാഹത്തിനു പുറമേയുള്ള എല്ലാ ലൈംഗികബന്ധങ്ങളും ലൈംഗികവിശുദ്ധിയ്ക്ക് എതിരായ തിന്മയല്ല.
18. മിശിഹായും കൂദാശയും തമ്മിലുള്ള ബന്ധമാണ് വിവാഹബന്ധ ത്തിന്റെ മാതൃകയായി പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നത്.
19. സ്വകാര്യസ്വത്ത് വ്യക്തിയുടെ സുസ്ഥിതിയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നു.
20. ഒരു വ്യക്തിയെക്കുറിച്ച് സത്യവിരുദ്ധമോ രഹസ്യ സ്വഭാവമു ള്ളതോ ആയ കാര്യങ്ങൾ പറഞ്ഞു പരത്തുന്നതാണ് അപവാദം.

## V. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

21. മാത്തൂ തരകന് സ്വർണ്ണച്ചെവി സമ്മാനിച്ചതാര്?
22. സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനം?
23. കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ വയെക്കുറിച്ച് ഫ്രാൻസിസ് പാപ്പ എഴുതിയ ചാക്രിക ലേഖനം?
24. ''പ്രാർത്ഥിക്കുന്ന അമ്മ'', ''കേരള കർമ്മല കുസുമം'' എന്നിങ്ങനെ അറിയപ്പെട്ടിരുന്ന വിശുദ്ധ?
25. ലെയോ പതിനാലാമൻ മാർപാപ്പയുടെ ഏറ്റവും പുതിയ അപ്പ സ്തോലിക ലേഖനത്തിന്റെ പേര്?

## VI. ബൈബിളിൽനിന്ന് ഉദ്ധരിക്കുക 5

26. നമ്മുടെ ശരീരത്തിന്റെ മഹത്വത്തെയും പരിശുദ്ധിയെയും കുറിച്ച് വി. പൗലോസ് ശ്ലീഹാ പറയുന്നത് കോറിന്തോസുകാർക്കെഴു തിയ ലേഖനത്തിൽ നിന്ന് (1 കോറി 3:16).
27. വിവാഹത്തിലൂടെ ഭാര്യാഭർത്താക്കന്മാർ ഒന്നായിത്തീരുമെന്ന് ഈശോ വ്യക്തമാക്കുന്നത് വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 19:6).

**VII. ഉത്തരമെഴുതുക**

28. നീതിസങ്കല്പത്തെ വ്യാഖ്യാനിച്ചുകൊണ്ട് വി. തോമസ് അക്വിനാസ് പറയുന്നത് എന്താണ്? **2**

29. വി. അലോഷ്യസ് ഗോൺസാഗയുടെ സന്ദേശം എഴുതുക? **2**

30. ലൈംഗിക വിശുദ്ധി എന്നാലെന്ത്? ഈ വിശുദ്ധി പാലിക്കുന്നത് എങ്ങനെ? **3**

31. മനുഷ്യജീവനെതിരായ തിന്മകൾ എഴുതുക? **3**

32. കുറിപ്പെഴുതുക "പാപത്തേക്കാൾ മരണം." **4**

33. ഏഴാം പ്രമാണം എഴുതുക? ഈ പ്രമാണത്തിന്റെ ലംഘനങ്ങൾ വിവരിക്കുക? **4**

34. സത്യത്തിന് വിരുദ്ധമായ തിന്മകൾ ഏതെല്ലാം? ഓരോന്നും വിവരിക്കുക? **5**

35. കൂദാശകൾ എത്ര? ഏവ? **5**

36. ആധുനിക ലോകത്തിൽ കുടുംബബന്ധങ്ങൾ തകരാറിലാകുന്നതിന്റെ കാരണമെന്ത്? നല്ല കുടുംബങ്ങൾ സഭയിൽ രൂപപ്പെടുത്താൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും? **6**

37. ലൈംഗിക വിശുദ്ധി പാലിച്ച് ജീവിക്കാൻ നമ്മെ സഹായിക്കുന്ന കാര്യങ്ങൾ ഏവ? ലൈംഗിക പീഡനങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കുട്ടികളായ നിങ്ങൾക്ക് ലൈംഗികവിശുദ്ധി പാലിക്കാൻ എന്തൊക്കെ ചെയ്യാൻ കഴിയും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
### ക്രിസ്തുമസ് പരീക്ഷ - 2025

**ക്ലാസ്സ്   : VIII**  **സമയം : 2 മണിക്കൂർ**
**തീയതി : 07-12-2025**  **മാർക്ക് : 70**

---

**I. ശരിയായ ഉത്തരം എടുത്തെഴുതുക** **5**

1. ഈശോ ജനിച്ച ഗോത്രം?

   (ലേവി, യൂദാ, ബഞ്ചമിൻ)

2. ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രം?

   (വി. കുർബാന, നൊവേനകൾ, കൂദാശാനുകരണങ്ങൾ)

3. ദൈവത്തിന്റെ ഹിതം ജനങ്ങളെ അറിയിക്കുന്നവൻ?

   (രാജാവ്, നേതാവ്, പ്രവാചകൻ)

4 സഭയുടെ പ്രേഷിതദൗത്യത്തിൽ ഒരുവനെ പങ്കുചേർക്കുന്ന കൂദാശ?

   (രോഗീലേപനം, മാമ്മോദീസ, അനുരഞ്ജനകൂദാശ)

5. 'ബേസ്പുർക്കാനാ' എന്ന വാക്കിന്റെ അർത്ഥം?

   (രക്ഷയുടെ ഭവനം, കൂട്ടായ്മ, രക്ഷ)

**II. പൂരിപ്പിക്കുക** **5**

6. നിത്യപുരോഹിതനായ മിശിഹായിലൂടെയാണ് ............. തന്റെ ആരാധന നടത്തുന്നത്.

7. ഈശോയുടെ പ്രബോധനങ്ങളിലും ജീവിതത്തിലും .............. ന്റെ സന്ദേശം നിറഞ്ഞുനിന്നു.

8. ശിഷ്യസമൂഹം ......... ദിനത്തിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.

9. ശ്ലീഹന്മാരെ മിശിഹാ വിളിച്ചതും തെരഞ്ഞെടുത്തതും പരിശീലിപ്പിച്ചതും ................ നിറവേറ്റുന്നതിനുവേണ്ടിയായിരുന്നു.

10. മിശിഹായിലൂടെ യാഥാർത്ഥ്യമാകാനിരുന്ന ദൈവരാജ്യത്തിന്റെ പ്രതിരൂപം ................. ആണ്.

## III. ഉത്തരമെഴുതുക 5

11. വി. ഫ്രാൻസീസ് സേവ്യറിന്റെ ഭൗതികാവശിഷ്ടം സൂക്ഷിച്ചിരിക്കുന്നതെവിടെ?
12. ഈശോയെപ്പോലെ ഈ ലോകത്തിൽ സത്യത്തിന് സാക്ഷ്യം വഹിക്കുവാൻ നമ്മെ കടപ്പെടുത്തുന്ന ദൗത്യം ഏത്?
13. കുഷ്ഠരോഗികളെ പരിചരിച്ച് കുഷ്ഠരോഗിയായി മരിച്ച വിശുദ്ധൻ ആര്?
14. സഭയിൽ നമ്മെ അംഗങ്ങളാക്കിത്തീർക്കുന്ന കൂദാശ ഏത്?
15. നന്മ ചെയ്തവരും തിന്മ ചെയ്തവരും പൂർണ്ണമായി വേർതിരിക്കപ്പെടുന്ന സംഭവമേത്?

## IV. ചേരുംപടി ചേർക്കുക 5

| | | |
|---|---|---|
| 16. വി. തോമ്മാശ്ലീഹാ | - | 1653 |
| 17. വി. ഫ്രാൻസീസ് സേവ്യർ | - | 1599 |
| 18. വാസ്കോഡിഗാമ | - | എ.ഡി 52 |
| 19. ഉദയംപേരൂർ സൂനഹദോസ് | - | 1542 |
| 20. കൂനൻകുരിശുസത്യം | - | 1498 |

## V. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

21. ഒന്നാം ലോകമഹായുദ്ധം അവസാനിപ്പിക്കാൻ കൊന്തചൊല്ലണമെന്ന് ലോകത്തോട് ആവശ്യപ്പെട്ട മാർപാപ്പ?
22. എവിടെയുള്ള സഭയ്ക്കാണ് വി. ക്ലെമന്റിന്റെ ലേഖനം എഴുതപ്പെട്ടത്?
23. യേശു സംസാരിച്ചിരുന്ന ഭാഷ?
24. ലോകത്തിൽ ആദ്യമായി അച്ചടിച്ച പുസ്തകം ഏത്?
25. പരിശുദ്ധാത്മാവിന്റെ വീണ എന്നറിയപ്പെടുന്നതാര്?

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 4

26. ഈ ലോകജീവിതത്തിന്റെ അവസാനം ഈശോ നമ്മെ മഹത്വപൂർണ്ണമായ സ്വർഗ്ഗത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുമെന്ന വാഗ്ദാനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 14:3).
27. ഈശോ ശിഷ്യന്മാർക്ക് പ്രേഷിതദൗത്യം നൽകുന്ന തിരുവചനം വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് (മർക്കോ 16:15).

## VII. ഉത്തരം എഴുതുക

28. പാപം എന്നാൽ എന്ത്? **2**

29. ദൈവം ഇസ്രായേലിനെ വിമോചിപ്പിച്ചത് എന്തിനുവേണ്ടിയായിരുന്നു? **2**

30. ലൈംഗികബന്ധത്തിന് വിവാഹംവരെ കാത്തിരിക്കുന്നതിന്റെ നേട്ടങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക? **3**

31. ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഒരുവന് പങ്കുവയ്ക്കുന്നതിനുള്ള പ്രേരണ നല്കുന്നത്. വിശദമാക്കുക? **3**

32. അല്മായർ തങ്ങളുടെ പ്രവാചകദൗത്യം എങ്ങനെയാണ് നിറവേറ്റുന്നത്? **3**

33. അന്ത്യവിധിയും തനതുവിധിയും വിശദമാക്കുക? **3**

34. സഭ തന്റെ പ്രേഷിതദൗത്യം ഏതൊക്കെ വിധത്തിലാണ് നിർവ്വഹിക്കുന്നത്? സഭയുടെ പ്രേഷിതദൗത്യത്തിൽ നിങ്ങൾ എങ്ങനെ പങ്കുചേരും? **4**

35. രാജകീയ പുരോഹിതഗണം എന്ന നിലയിൽ സഭാമക്കളുടെ കർത്തവ്യം എന്ത്? ഈ കാലഘട്ടത്തിനനുസൃതമായി സഭാമക്കൾ എന്ന നിലയിൽ നിങ്ങളുടെ ജീവിതത്തിൽ എപ്രകാരം പ്രാവർത്തികമാക്കും? **5**

36. ദൈവകല്പനകൾ ക്രമത്തിൽ എഴുതുക? **5**

37. ശുദ്ധതയിൽ വളരാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണം എഴുതുക? **5**

38. ക്രിസ്തീയ പങ്കുവയ്ക്കൽ ഈശോയുടെ ജീവിതത്തിലും പ്രബോധനത്തിലും വേരൂന്നിയതാണ്. വിശദീകരിക്കുക. ഈശോയെപ്പോലെ നിങ്ങളുടെ ജീവിതത്തിലും പ്രവർത്തിയിലും പങ്കുവയ്ക്കുന്ന സഭയെ ലോകത്തിൽ പ്രതിഫലിപ്പിക്കാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2025

**ക്ലാസ്സ് : IX** **സമയം : 2 മണിക്കൂർ**
**തീയതി : 07-12-2025** **മാർക്ക് : 70**

---

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **5**

1. വി. കുർബാനയുടെ പാപമോചക സ്വഭാവം വ്യക്തമാക്കുന്ന കർമ്മം?
   (വിഭജനശുശ്രൂഷ, അനുരഞ്ജനശുശ്രൂഷ, ദൈവൈക്യ ശുശ്രൂഷ)
2. കർത്താവിന്റെ കബറിടവും നമ്മുടെ വിശുദ്ധീകരണത്തിന്റെ വേദിയുമാണ്?
   (ബേമ്മ, ബലിപീഠം, ബേസ്ഗസ)
3. ദൈവരാജ്യത്തിനായി കുഞ്ഞുങ്ങളെ മുദ്രവയ്ക്കുന്ന കർമ്മമായി മാമ്മോദീസയെ കണ്ട സഭാപിതാവ് ആര്?
   (വി. ഹിപ്പോളിറ്റസ്, വി. ജെറോം, മാർ അപ്രേം)
4. സഭയുടെ വിശ്വാസത്തിന്റെ ആഘോഷവും അനുഷ്ഠാനവും?
   (ജപമാല, കൂദാശാനുകരണങ്ങൾ, വി. കുർബാന)
5. വി. കുർബാനയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ഏത്?
   (അനാഫൊറ, ഒരുക്കശുശ്രൂഷ, അനുസ്മരണ പ്രാർത്ഥന)

**II. പൂരിപ്പിക്കുക** **5**

6. വിശുദ്ധരെല്ലാവരും ദൈവവചനം കാട്ടിയ വഴികളിലൂടെ നടന്നാണ് .................. നേടിയത്.
7. ഈശോ അടിസ്ഥാനകൂദാശയായിരിക്കുന്നതുപോലെ ............ അവിടുത്തെ കൂദാശയാണ്.
8. സഭയുടെ ഗർഭപാത്രം എന്നാണ് ...................... യെ സഭാപിതാക്കന്മാർ വിശേഷിപ്പിക്കുന്നത്.
9. കാർമ്മികൻ ദൈവത്തിന്റെ സിംഹാസനമായ ബലിപീഠത്തിൽ ............ സാന്നിധ്യത്തെ അനുസ്മരിച്ച് മൂന്ന് പ്രാവശ്യം ചുംബിക്കുന്നു.
10. ഉത്ഥിതനായ .................... യെയാണ് വി. കുർബാനയിലൂടെ നാം സ്വീകരിക്കുന്നത്.

## III ചേരുംപടി ചേർക്കുക 5

| | | |
|---|---|---|
| 11. അപ്പസ്തോലിക പാരമ്പര്യം | - | ദൈവവചനം |
| 12. കൂദാശകൾ | - | സമാധാനം |
| 13. ദൈവികവെളിപാട് | - | വി. ഹിപ്പോളിറ്റസ് |
| 14. വി. കുർബാന | - | പരിശുദ്ധാത്മാവ് |
| 15. മിശിഹാ | - | അനാഫൊറ |

## IV. പേരെഴുതുക 5

16. "ഒന്നിച്ചു കൊന്ത നമസ്ക്കാരം നടത്തുന്ന കുടുംബങ്ങൾ നസ്രത്തിലെ തിരുക്കുടുംബത്തിന്റെ മാതൃകയിലേക്ക് വരും. അതിലെ അംഗങ്ങൾ യേശുവിനെ മധ്യത്തിലിരുത്തും." എന്ന് പറഞ്ഞ മാർപാപ്പ?
17. "മാലാഖ ഗണങ്ങളുടെ പരിശുദ്ധൻ" എന്ന കീർത്തനം രേഖപ്പെടുത്തിയിരിക്കുന്നത് എവിടെ?
18. അപ്പസ്തോലന്മാരിൽ ആദ്യത്തെ രക്തസാക്ഷി?
19. ദേവാലയ ഗായകരുടെ മദ്ധ്യസ്ഥ?
20. പുതിയ ഇസ്രായേൽ ഏത്?

## V. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

21. വൈദികരുടെ സ്വർഗ്ഗീയ മധ്യസ്ഥൻ ആര്?
22. വി. ജാന്ന ബെറേത്തയെ വിശുദ്ധയായി പ്രഖ്യാപിച്ച മാർപാപ്പ?
23. അന്ധകാരം നിറഞ്ഞിരുന്ന ആഴ്സിൽ വെള്ളിവെളിച്ചം പ്രസരിപ്പിക്കാൻ വിയാനിയച്ചൻ ഉപയോഗിച്ച രണ്ട് ഉപാധികൾ?
24. "മണ്ണായിത്തീരുന്നത് നമ്മുടെ ശരീരമാണ്; മരിക്കാത്ത ആത്മാവ് സ്വർഗത്തിലേക്ക് ഉയരും." ഈ പുണ്യവചനം ആരുടേതാണ്?
25. ആധുനിക ലോകത്ത് കുടുംബസ്ഥർക്കായി ദൈവം നൽകിയ മാതൃകയും മധ്യസ്ഥയുമാണ്?

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. ഈശോയുടെ അമ്മയും സഹോദരരും എങ്ങനെയുള്ളവരായിരിക്കണമെന്നാണ് ഈശോ പറയുന്നത്. വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് (ലൂക്കാ 8:21).
27. ദൈവരാജ്യത്തിൽ പ്രവേശിക്കാൻ എന്തുചെയ്യണമെന്നാണ് നിക്കോദേമോസിനോട് ഈശോ പറഞ്ഞത്. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 3:5).

## VII. ഉത്തരമെഴുതുക

28. സഭ മിശിഹായുടെ കൂദാശയാണെന്ന് പറയുന്നതെന്തുകൊണ്ട്? **2**

29. മാമ്മോദീസാ സ്വീകരിക്കുവാനുള്ള വ്യക്തിയെ ജലത്തിൽ മുക്കുന്നതിന്റെ അർത്ഥമെന്ത്? **2**

30. വി. കുർബാന സ്വീകരണം വി. കുർബാനയുടെ പൂർണ്ണതയ്ക്ക് ആവശ്യമാണെന്ന് പറയാൻ കാരണമെന്ത്? **3**

31. ദൈവവചനത്തിലൂടെ നമുക്ക് വെളിപ്പെട്ടുകിട്ടിയ വിശ്വാസസത്യങ്ങൾ ഏതെല്ലാം? **3**

32. "ദിവ്യരഹസ്യഗീത"സമയത്തെ കർമ്മാനുഷ്ഠാനങ്ങൾ ഏവ? **4**

33. കൂദാശകൾ വിശുദ്ധീകരിക്കുന്ന കർമ്മങ്ങളാണ്. കൂദാശകൾ എപ്രകാരമാണ് നമ്മെ വിശുദ്ധീകരിക്കുകയും ദൈവകൃപയിൽ വളർത്തുകയും ചെയ്യുന്നത്? **4**

34. വി. ജാന്ന ബെറേത്ത നമുക്ക് നൽകുന്ന ജീവിതസന്ദേശമെന്ത്? പുണ്യവതിയുടെ കർമ്മനിരതമായ ജീവിതവും ത്യാഗപൂർണ്ണമായ മരണവും നിങ്ങൾക്ക് പ്രയോജനമായത് എങ്ങനെ? **5**

35. പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളാൻ വേണ്ട കാര്യങ്ങൾ എത്ര? ഏവ? **5**

36. തൈലാഭിഷേക കൂദാശ ക്രൈസ്തവ പക്വതയിലേക്ക് നമ്മെ നയിക്കുന്നതെങ്ങനെ? ഈ കൂദാശ സ്വീകരിച്ച് വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ട നിങ്ങൾക്ക് എപ്രകാരം സഭയിലെ സജീവ ഭാഗമായി പ്രവർത്തിക്കാൻ കഴിയും? **6**

37. വി. കുർബാനയിൽ പങ്കുപറ്റുന്ന ഓരോ വ്യക്തിയും ഒരു പ്രേഷിതനായി അയയ്ക്കപ്പെടുകയാണ്. വിശദീകരിക്കുക? ദിവ്യകാരുണ്യത്തെ പ്രണയിച്ച വി. കാർലോ അക്വിറ്റസിന്റെ മാതൃക അനുകരിച്ച് മറ്റൊരു കാർലോ ആയി മാറാൻ നിങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ എന്തെല്ലാം? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2025

ക്ലാസ്സ് : X | സമയം : 2 മണിക്കൂർ
തീയതി : 07-12-2025 | മാർക്ക് : 70

### I. ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക 5

1. ദൈവവചനം സ്വീകരിച്ച് അതിന്റെ പൂർണതയിൽ ജീവിച്ച വ്യക്തി?

   (വി. പത്രോസ്, പരി. കന്യകാമറിയം, വി. പൗലോസ്)

2. ഏറ്റവും മഹത്തായ പ്രേഷിത പ്രവർത്തനം?

   (ജീവകാരുണ്യപ്രവർത്തികൾ, സുവിശേഷ പ്രഘോഷണം, അഗതിസംരക്ഷണം)

3. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണ് സുപ്രധാനമെന്ന് പഠിപ്പിച്ച ശ്ലീഹാ?

   (വി. പൗലോസ്, വി. പത്രോസ്, വി. യാക്കോബ്)

4. ഈ ലോകത്തിൽ ഈശോയുടെ തുടർച്ചയും കൂദാശയും?

   (സഭ, മാമ്മോദീസ, തൈലാഭിഷേകം)

5. സ്ഥാപക ശ്ലീഹായുടെ പേരിൽ അറിയപ്പെട്ടിരുന്ന ഏകസഭ?

   (മാർത്തോമ്മാ നസ്രാണി സഭ, അർമ്മേനിയൻസഭ, ലത്തീൻസഭ)

### II. പൂരിപ്പിക്കുക 5

6. മാർത്തോമ്മാ നസ്രാണികൾ തങ്ങളുടെ .................. ജീവിതം കൊണ്ട് സുവിശേഷത്തിന്റെ പ്രേഷിതരായിരുന്നു.
7. ഉത്തരവാദിത്വത്തോടും വിവേചനത്തോടുംകൂടി ഇന്റർനെറ്റ് വിനിയോഗിക്കണമെന്ന് ..................... എന്ന രേഖ പഠിപ്പിക്കുന്നു.
8. ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നവനാണ് നല്ല അയൽക്കാരൻ എന്ന് ............ ഉപമയിലൂടെ ഈശോ പഠിപ്പിച്ചു.
9. ഈശോയെ അറിയാനും ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ മനസ്സിലാക്കുവാനും ................... വഴിയാണ് സാധിക്കുന്നത്.
10. സന്യാസത്തിലെ ഏറ്റവും അടിസ്ഥാനപരമായ നിയമം ...........ലെ ഈശോയെ അനുകരിക്കുകയാണ്.

## III. ചേരുംപടി ചേർക്കുക 5

| | | | |
|---|---|---|---|
| 11. | സീറോമലബാർ ഹയരാർക്കി | - | വി. ഫ്രാൻസിസ് അസ്സീസ്സി |
| 12. | പരിസ്ഥിതി സംരക്ഷണം | - | പതിനൊന്നാം പിയൂസ് പാപ്പ |
| 13. | മുദ്രാലയ പ്രേഷിതത്വം | - | വി. എവുപ്രാസ്യ |
| 14. | പ്രാർത്ഥിക്കുന്ന അമ്മ | - | വി. മറിയം ത്രേസ്യ |
| 15. | സഹനത്തിന്റെ പ്രേഷിതത്വം | - | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |

## IV. ഉത്തരമെഴുതുക 5

16. കൂനൻകുരിശ് സത്യം നടന്ന വർഷം?
17. ഏത് പേപ്പൽ ബ്യൂള വഴിയാണ് 15 രഹസ്യങ്ങൾ അടങ്ങിയ ജപമാല സഭ ഔദ്യോഗികമായി അംഗീകരിച്ചത്?
18. ആദിമ ക്രൈസ്തവസഭയുടെ ചരിത്രം നൽകുന്ന വി. ഗ്രന്ഥം?
19. പരിസ്ഥിതിയുടെ മദ്ധ്യസ്ഥൻ?
20. "പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രബോധനം" എന്ന് അറിയപ്പെടുന്ന പുരാതനരേഖ ഏത്?

## V. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

21. സുവിശേഷ സന്ദേശങ്ങൾ ജീവിക്കുന്നവരെ സഭ ഔദ്യോഗികമായി വിളിക്കുന്ന പേര്?
22. ഏഷ്യയിലെ ഏറ്റവും വലിയ അല്മായ പ്രേഷിത സംഘടന?
23. ദൈവവചനത്തിന്റെ കാതൽ?
24. ആദ്യം അച്ചടിക്കപ്പെട്ട ഗ്രന്ഥം?
25. ആരാധനാസമൂഹങ്ങൾക്ക് രൂപംനൽകുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്ന പോൾ ആറാമൻ മാർപാപ്പയുടെ പ്രബോധനരേഖ ഏത്?

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. വി. ഫ്രാൻസിസ് സേവ്യറിനെ വലിയ മിഷനറിയായി ഭാരതത്തിലെത്താൻ പ്രേരിപ്പിച്ച തിരുവചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 16:26).
27. നമ്മുടെ സ്നേഹം വാക്കിലും സംസാരത്തിലും മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല എന്ന് പഠിപ്പിക്കുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (1 യോഹ 3:18).

## VII. ഉത്തരം എഴുതുക

28. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെ നാല് മാർഗ്ഗങ്ങൾ ഏവ? **2**
29. സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ അടിസ്ഥാന മെന്ത്? **2**
30. വിശുദ്ധരുടെ സമൂഹമാണ് സഭ. ഈ വിശുദ്ധരുടെ ഗണത്തിൽ പങ്കുചേരാൻ നിങ്ങൾക്ക് എങ്ങനെയെല്ലാം സാധിക്കും? **3**
31. സഭ ലോകത്തിന്റെ മനഃസാക്ഷിയായി വർത്തിക്കുന്നതെങ്ങനെ? **3**
32. പ്രേഷിതസ്വഭാവമുള്ള സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേരാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? **3**
33. സഭയുടെ പ്രധാന മിഷൻ പ്രവർത്തനശൈലികൾ ഏവ? വിശദമാക്കുക. **3**
34. കുടിയേറ്റ ജനതയുടെ വളർച്ചയിലും വികസനത്തിലും വൈദികർ വഹിച്ച പങ്ക് വിശദമാക്കുക. **4**
35. മിശിഹായുടെ തുടർച്ചയും ദൗത്യവാഹകയുമായ സഭ മനുഷ്യന്റെ സമഗ്ര വിമോചനത്തിനായി പ്രവർത്തിക്കുന്നത് എങ്ങനെയെല്ലാം? സഭ ചെയ്യുന്ന പ്രേഷിത പ്രവർത്തനങ്ങളിൽ നിങ്ങൾക്ക് എങ്ങനെയെല്ലാം സഹകരിക്കാൻ കഴിയും? **4**
36. ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നാൽ എന്ത്? സഭയുടെ ജീവകാരുണ്യപ്രവർത്തന മേഖലകളോട് ചേർന്ന് ഈശോയുടെ മുഖം പ്രതിഫലിപ്പിക്കുവാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? **5**
37. തിരുസഭയുടെ കല്പനകൾ എഴുതുക? **5**
38. വളർന്നുവരുന്ന തലമുറയ്ക്ക് ക്രൈസ്തവ വിശ്വാസമനുസരിച്ച് ജീവിക്കാനും അതിന് സാക്ഷ്യം വഹിക്കാനുമുള്ള പരിശീലനം നൽകുന്നതിന് നമ്മുടെ അതിരൂപതയിൽ നിലവിലുള്ള വിശ്വാസപരിശീലന വേദികൾ ഏവ? വിശദമാക്കുക. **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2025

ക്ലാസ്സ് : XI　　　　സമയം : 2 മണിക്കൂർ
തീയതി : 07-12-2025　　　　മാർക്ക് : 70

## I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക　　5

1. മനുഷ്യമനസ്സിന്റെ സ്വാഭാവിക ഘടകം?
(വികാരം, സ്നേഹം, നന്മ)
2. ദൈവം തന്റെ സ്നേഹവും കാരുണ്യവും ആദ്യമായി വെളിപ്പെടുത്തിയത്?
(മനുഷ്യാവതാരത്തിലൂടെ, കുരിശുമരണത്തിലൂടെ, സൃഷ്ടികർമ്മത്തിലൂടെ)
3. ക്രൈസ്തവ ജീവിതത്തിന് മാർഗദർശനം നൽകുന്നത്?
(ദൈവസ്വരം, ദൈവവചനം, പാരമ്പര്യം)
4. ദൈവവുമായുള്ള മനുഷ്യന്റെ ബന്ധം പ്രകടമാക്കുന്ന പ്രധാന കണ്ണി?
(ആരാധന, പ്രാർത്ഥന, വിശ്വാസം)
5. എല്ലാ കാര്യങ്ങളിലും വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾക്കനുസരിച്ച് തീരുമാനമെടുക്കാനും ആ തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാനും നമ്മെ സഹായിക്കുന്നത്?
(ധാർമ്മികമനഃസാക്ഷി, സുനിശ്ചിത മനഃസാക്ഷി, ക്രിസ്തീയ മനഃസാക്ഷി)

## II. പൂരിപ്പിക്കുക　　5

6. ലോകത്തിൽ ആദ്യം രൂപം കൊണ്ട കുർബാനക്രമം ആണ് ...........
7. ശ്ലീഹന്മാരിലൂടെ കൈമാറ്റപ്പെട്ട ദൈവിക വെളിപാടിന്റെ സംരക്ഷകയും വ്യാഖ്യാതാവും .................... ആണ്
8. ക്രിസ്തീയ മനഃസാക്ഷിയെ നന്മയിൽ നിലനിർത്തുന്നത് ............
9. നന്മതിന്മകളെക്കുറിച്ചുള്ള വ്യക്തമായ അറിവ് നൽകുന്നത് ................ ആണ്.
10. ഏറ്റവും പരമോന്നതും പരിപൂർണ്ണവുമായ പ്രാർത്ഥനയാണ് ...........

## III. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

11. വി. കാർലോ അക്യുറ്റിസ് നിർമ്മിച്ച വെബ്സൈറ്റിന്റെ പേര്?
12. ''ക്രിസ്തു മൂലക്കല്ലും ശ്ലീഹന്മാർ അടിസ്ഥാനവുമായ സൗധത്തിലെ ബലമേറിയ തൂണുകളാണ് സഭാപിതാക്കന്മാർ" എന്ന് പഠിപ്പിച്ചതാര്?
13. സഭയുടെ ഔദ്യോഗിക പത്രം?
14. പുതിയനിയമത്തിലെ ഏക പ്രവചനഗ്രന്ഥം?
15. സീറോമലബാർ സഭ കൂടാതെ ഭാരതത്തിലെ മറ്റൊരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ?

## IV. പേരെഴുതുക 5

16. "യുക്തിയുടെ അനുശാസനത്തെ നിയമം" എന്ന് വിളിക്കുന്നു. ആരുടെ വാക്കുകൾ?
17. "സ്നേഹം ദുഷിച്ചതാണെങ്കിൽ വികാരങ്ങളും ദുഷിച്ചതായിരിക്കും. അത് നല്ലതാണെങ്കിൽ വികാരങ്ങളും നല്ലതായിരിക്കും" ആരുടേതാണ് ഈ വാക്കുകൾ?
18. 'പദ്രുവാദോ' എന്ന വാക്കിന്റെ അർത്ഥം?
19. 'അങ്ങേയ്ക്ക് സ്തുതി' എന്ന ചാക്രിക ലേഖനം എഴുതിയത്?
20. "എളിമയാണ് എല്ലാ പുണ്യങ്ങളുടെയും മാതാവ്. എളിമയില്ലാതെ വിശുദ്ധി നേടാൻ കഴിയുകയില്ല." എന്ന് പറഞ്ഞതാര്?

## V. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 10

21. നിയമങ്ങളുടെ വിവിധ ധർമ്മങ്ങൾ വിശദീകരിക്കുക?
22. അർക്കദിയാക്കോന്റെ അധികാരങ്ങൾ ഏവ?
23. ദൈവാലയത്തിന്റെ ഉൾവശം എത്രയായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം?
24. ഉപവാസം, ദാനധർമ്മം ഇവയുടെ പ്രാധാന്യം എന്ത്?
25. ദൈവികവെളിപാട് അഥവാ ദൈവാവിഷ്ക്കരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരാകുവിൻ എന്ന് നമ്മെ ഉദ്ബോധിപ്പിക്കുന്ന തിരുവചനം റോമാലേഖനത്തിൽ നിന്ന് (റോമാ 12:12).

27. ദൈവവചനമാണ് ക്രിസ്തീയ ജീവിതത്തിന് മാർഗ്ഗദർശനം നൽകുന്നത് എന്ന് വ്യക്തമാക്കുന്ന വചനഭാഗം സങ്കീർത്തന ത്തിൽ നിന്ന് (സങ്കീ 119:105).

## VII. ഉത്തരമെഴുതുക

28. ഉദയംപേരൂർ സൂനഹദോസിന്റെ പരിണിതഫലങ്ങൾ എഴുതുക? **3**

29. സഭാ പാരമ്പര്യമനുസരിച്ച് വി. ഗ്രന്ഥത്തിന് രണ്ട് അർത്ഥങ്ങളാ ണുള്ളത് അവ ഏവ? **3**

30. വീട്ടിലും വിദ്യാലയത്തിലും ദൈവാലയത്തിലും പൊതുഇടങ്ങ ളിലും നാം പാലിക്കേണ്ട വിവിധ ധാർമിക നിയമങ്ങളുടെ പ്രകാശരൂപങ്ങളും അവയുടെ പ്രത്യേകതകളും ചുരുക്കി വിവ രിക്കുക? **4**

31. പരിശുദ്ധാരൂപിയുടെ ഫലങ്ങൾ എത്ര? ഏവ? **5**

32. വിവിധതരം മനഃസാക്ഷികൾ ഏവ? വിവരിക്കുക. **5**

33. ക്രിസ്തീയ പ്രാർത്ഥനയുടെ വിവിധരൂപങ്ങൾ നിർവചിക്കുക? കുടുംബപ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ച് എന്തെല്ലാം കാര്യങ്ങൾ സുഹൃത്തുക്കളുമായി നിങ്ങൾ പങ്കുവയ്ക്കും? **5**

34. നമ്മൾ ചെയ്യുന്ന ഒരു പ്രവർത്തി ധാർമികമാകണമെങ്കിൽ വിഷയം, ഉദ്ദേശ്യം, സാഹചര്യം എന്നീ മൂന്ന് ഘടകങ്ങൾ നല്ലതാ യിരിക്കണം. ഈ പ്രസ്താവന ശരിയാണോ? ആണെങ്കിൽ എങ്ങനെ എന്ന് വ്യക്തമാക്കുക? **5**

35. വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യവും എപ്രകാരം ബന്ധപ്പെ ട്ടിരിക്കുന്നു എന്ന് വ്യക്തമാക്കുക? ഇവയോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണം വിശദീകരിക്കുക? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ക്രിസ്തുമസ് പരീക്ഷ - 2025

| | |
|---|---|
| ക്ലാസ്സ് : XII | സമയം : 2 മണിക്കൂർ |
| തീയതി : 07-12-2025 | മാർക്ക് : 70 |

**I. ശരിയായ ഉത്തരം എടുത്തെഴുതുക** **5**

1. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ തന്റെ അസ്ഥിത്വം മുഴുവൻ സമർപ്പിച്ചുകൊണ്ട് നടത്തുന്ന പ്രത്യുത്തരം?
   (പ്രത്യാശ, സ്നേഹം, വിശ്വാസം)
2. പഞ്ചമാർഗ്ഗം കൊണ്ടുവന്നത് ആര്?
   (വി. തോമസ് അക്വിനാസ്, വി. ഇഗ്നേഷ്യസ്, വി. സിപ്രിയാൻ)
3. "പ്രകൃതി ഒരിക്കലും അവളെ സ്നേഹിച്ചവന്റെ ഹൃദയം വേദനിപ്പിച്ചിട്ടില്ല" ആരുടേതാണ് ഈ വാക്കുകൾ?
   (ജയിംസ് ലവ് ഹോക്ക്, വില്യം വേർഡ്സ് വർത്ത്, വി. അഗസ്റ്റിൻ)
4. പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്കു നൽകുന്ന ദാനം ഏത്?
   (ഏകസ്ഥജീവിതം, പൗരോഹിത്യം, സന്യാസം)
5. "വിലപ്പെട്ടതൊന്നും വെറുതെയിരുന്നപ്പോൾ എനിക്ക് വീണു കിട്ടിയതല്ല. എന്റെ കണ്ടുപിടുത്തങ്ങളെല്ലാം കഠിനാധ്വാനത്തിന്റെ ഫലങ്ങളാണ്." ആരുടേതാണീ വാക്കുകൾ?
   (തോമസ് ആൽവ എഡിസൻ, തോമസ് മൂർ, അപ്രേം)

**II. പൂരിപ്പിക്കുക** **5**

6. മിശിഹായോടുള്ള ഐക്യത്തിൽ നിർവഹിക്കുന്ന .................. ന് രക്ഷാകരമാനമുണ്ട്.
7. വാത്സല്യവും വിസ്മയവും നിറഞ്ഞ ശ്രദ്ധയാണ് ഈശോ .................. ക്ക് നല്കിയത്.
8. വിവാഹത്തിന്റെ അത്യുത്കൃഷ്ട ഫലം ...................... ആണ്.

9. ............. ആണ് നിത്യസത്യങ്ങളുടെ ദൈവിക വെളിപ്പെടുത്തൽ.

10. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ച ചാക്രിക ലേഖനമാണ് ..................

## III. പേരെഴുതുക 5

11. "വി. ഗ്രന്ഥത്തിൽ പരസ്പര വിരുദ്ധമായി ഒന്നുമില്ല; വി. ഗ്രന്ഥത്തിൽ തെറ്റുകൾ ആരോപിക്കാതെ സ്വന്തം അജ്ഞത ഏറ്റുപറയുകയാണ് ശരിയായ മനോഭാവം" ഇപ്രകാരം പറഞ്ഞതാര്?

12. വി. ക്ലെമന്റിന്റെ അംഗീകരിക്കപ്പെട്ടിരിക്കുന്ന കൃതി ഏത്?

13. കത്തോലിക്കാ സഭയുടെ യുവജന മതബോധന ഗ്രന്ഥം?

14. ലെയോ പതിനാലാമൻ മാർപാപ്പയുടെ ഏറ്റവും പുതിയ അപ്പസ്തോലിക ലേഖനത്തിന്റെ പേര്?

15. എത്ര അതിരൂപതകൾ സീറോമലബാർ സഭയിലുണ്ട്?

## IV. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. "മാധ്യമങ്ങളെ ദൈവത്തിന്റെ ദാനങ്ങളായും, മനുഷ്യരെ സഹോദര്യത്തിൽ ഒന്നിപ്പിക്കുന്ന ഘടകങ്ങളായും കാണണം." ആരുടേതാണീ വാക്കുകൾ?

17. നവമാധ്യമങ്ങളെ എപ്രകാരം സുവിശേഷവത്കരണത്തിനായ് ഉപയോഗിക്കാമെന്നുള്ളതിന് നമ്മുടെ മുന്നിലുള്ള മാതൃകയായ മധ്യസ്ഥൻ ആര്?

18. No-mobile-phone phobia എന്നതിന്റെ ചുരുക്കെഴുത്ത് ഏത്?

19. കുട്ടികളുടെ പ്രഥമാധ്യാപകരും പ്രധാനാധ്യാപകരും ആര്?

20. കാര്യകാരണബന്ധത്തെ അപഗ്രന്ഥിച്ചും, വിവേചിച്ചും സത്യം ഗ്രഹിക്കാനുള്ള ബൗദ്ധികമായ പ്രക്രിയ?

## V. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക 10

21. തൊഴിലിനോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണം?

22. ബൈബിളിലെ സൃഷ്ടിവിവരണം നൽകുന്ന സന്ദേശം എന്ത്?

23. ഇന്നിന്റെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ ഏവ?

24. മിശ്രവിവാഹത്തെ സഭ എതിർക്കുന്നത് എന്തുകൊണ്ട്?

25. സമ്പത്ത് എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

## VI. ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. വി. തോമ്മാശ്ലീഹായുടെ ഈശോയോടുള്ള സ്നേഹം സൂചിപ്പിക്കുന്ന വചനഭാഗം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 11:16).

27. ധനസമ്പാദനം എപ്രകാരമായിരിക്കണമെന്ന് സൂചിപ്പിക്കുന്ന വചനഭാഗം പ്രഭാഷകന്റെ പുസ്തകത്തിൽ നിന്ന് (പ്രഭാ 29:11).

## VII. ഉത്തരം എഴുതുക

28. മാധ്യമങ്ങളുടെ നിഷേധാത്മക സ്വാധീനങ്ങൾ ഏവ? 3

29. വിജാതീയരുമായുള്ള വിവാഹത്തെക്കുറിച്ച് ബൈബിൾ എന്താണ് പറയുന്നത്? 3

30. പരിസ്ഥിതി സംരക്ഷണത്തിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ഏവ? നിങ്ങളുടെ പരിസരം മലിനമാക്കാതിരിക്കുവാൻ നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ചെയ്യും? 4

31. നിർമ്മിതബുദ്ധിയുടെ ഗുണപരമായ സ്വാധീനം പ്രകടമാക്കുന്ന മേഖലകൾ ഏവ? നിർമ്മിത ബുദ്ധിയുടെ ഉപയോഗത്തിൽ നിങ്ങൾക്കുണ്ടായിരിക്കേണ്ട കാഴ്ചപ്പാട് എന്താണ്? 4

32. മിശ്രവിവാഹത്തിന്റെ ദുരന്തഫലങ്ങൾ ഏവ? 5

33. മനസ്താപപ്രകരണം എഴുതുക? 5

34. മാധ്യമങ്ങളുടെ ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? മാധ്യമങ്ങളുടെ ദുരുപയോഗം ഏതെല്ലാം അപകടങ്ങളിലേക്ക് നിങ്ങളെ നയിക്കും? 5

35. ദൈവവിളി തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ ഏവ? എന്റെ ദൈവവിളി തിരിച്ചറിയാൻ ഞാൻ എന്തൊക്കെ ചെയ്യും? വ്യക്തമാക്കുക. 6